**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2335** **21-06-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജക മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി പ്രകാരം നടത്തിവരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) | പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം (എ) യും (ബി) യും (സി) യും ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രവൃത്തികളുണ്ടോ; എങ്കിൽ അത് പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം (എ) യും (ബി) യും (സി) യും ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കുവാൻ കഴിയാതെ നീണ്ടു പോകുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം (എ) യും (ബി) യും (സി) യും ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

annexure - A

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|
| 1 | നെടുമ്പന | ആർ.കെ. ഐ - 2020-21 - പുലിയില കൊച്ചുമണ്ടക്കാട്-പൊയ്ക റോഡ് | 50 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു |
| 2 | നെടുമ്പന | ആർ.കെ. ഐ - 2020-21 - പുത്തൻചന്ത വാറുത്തുമുക്ക്-കുളത്തിന്റേയും അമ്പാടി ബ്രിഡ്ജ് | എസ്റ്റിമേറ്റിന്റെ ഭാഗമായുള്ള ട്രാഫിക് സർവ്വെ പൂർത്തിയായിട്ടുണ്ട്. ഡൈനാമിക് കോൺപെൻട്രേഷൻ ടെസ്റ്റ്ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 3 | തൃക്കോവിൽവട്ടം | ആർ.കെ. ഐ - 2020-21 - കോടാലിമുക്ക് ജി.വി. എൽ.പി. എസ് കോഴാലം വെട്ടിക്കുളം റോഡ് (BM&BC) | 50 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 4 | തൃക്കോവിൽവട്ടം | കണിയാംതോട് പ്ലാവിള റോഡ്. | 25 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 5 | കൊറ്റങ്കര | ആർ.കെ. ഐ - 2022-23 - കൊറ്റങ്കര - കിഴക്കേവിള ക്ഷേത്രം - കണ്ണൻ കോളനി - ട്രാൻ സ്ഫോമർ, പൊയ്കയിൽ മുകളുവിള എസ്.സി.ഡി.യു.പി. എസ് മേക്കോൺ റോഡ്. | 80 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 6 | കുണ്ടറ | മുളവന കന്നിമേൽ മുക്ക് എൻ.എസ്.എസ് കരയോഗം പള്ളിമുക്ക് മുളവന സ്കൂൾ ജം. റോഡ് | ടാറിംഗ് പ്രവൃത്തി പൂർത്തിയായി ബേം കോൺക്രീറ്റിംഗ് സൈഡ് വാൾ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. |
| 7 | കുണ്ടറ | എം.ജി.ഡി കുരിശടി രാമൻകുന്ന് നെടുംമ്പായിക്കുളം ഗേറ്റ് റോഡ് | ടാറിംഗ് പ്രവൃത്തി പൂർത്തിയായി ബം കോൺക്രീറ്റിംഗ് 90% പൂർത്തിയായി ബാലൻസ് പ്രവൃത്തി നടന്നുവരുന്നു. |
| 8 | കുണ്ടറ | നിരപ്പുവിള കുറ്റിപ്പുറം ഏല പാല നിരപ്പ് രാമൻകുന്ന്മുക്ക് റോഡ് പുനരുദ്ധാരണം | സൈഡ് വാൾ നിർമ്മാണം ഭാഗീകമായി പൂർത്തിയായി ബാലൻസ് റോഡ് ഫോർമേഷൻ നടത്തേണ്ട ഭാഗം വസ്തു ഉടമകളുടെ തർക്കം കാരണം പ്രവൃത്തി തടസ്സപ്പെട്ടു നിൽക്കുന്നു. |
| 9 | പെരിനാട് | സ്ററാർച്ച് ജം. ബ്ലാവത്ത് വഞ്ചി കൈത കോടി റോഡ് പുനരുദ്ധാരണം | ടാറിംഗ് ഒന്നാം ഘട്ടം പൂർത്തിയായി ബേം കോൺക്രീററിംഗ് ഭാഗീകമായി പൂർത്തിയായ നിലയിലാണ്. |
| 10 | പെരിനാട് | ചെമ്മക്കാട് സെൻറ് സെബാസ്ററ്യൻ ചർച്ച് തോട്ടുമുഖത്ത് കടവ് വില്ലേജ് ഓഫീസ് റോഡ് പുനരുദ്ധാരണം | നിരവധി തവണ ടെണ്ടർ റിടെണ്ടർ എന്നിവ ക്ഷണിച്ച് ആരും ഏറെറടുക്കാത്ത പ്രവൃത്തി ക്വട്ടേഷനിൽ പ്രവൃത്തി എറെറടുത്ത് മെററീരിയൽസ് സൈററിൽ ഇറക്കി പ്രവൃത്തി ആരംഭഘട്ടത്തിലാണ്. |

# annexure - B

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് കാരണം |
|---|---|---|---|
| 1 | നെടുമ്പന | ആർ.കെ. ഐ - 2020-21 - പുലിയില കൊച്ചുമണ്ടക്കാട്- പൊയ്ക റോഡ് | സാധനങ്ങളുടെ ലഭ്യതക്കുറവും, കരാറുകാരൻറെ ആരോഗ്യപ്രശ്നങ്ങളും, റോഡിലെ വെള്ളത്തിൻറെ ഒഴുക്കുമായി ബന്ധപ്പെട്ട പരിസരവാസികളുടെ തർക്കവും |
| 2 | നെടുമ്പന | ആർ.കെ. ഐ - 2020-21 - പുത്തൻചന്ത വാറുത്തുമുക്ക്- കുളത്തിന്റയും അമ്പാടി ബ്രിക്സ് | എസ്റ്റിമേററിൻറെ ഭാഗമായുള്ള ട്രാഫിക് സർവ്വെ ചെയ്യുന്നതിനും ഡിസിപി ടെസ്ററ് ചെയ്യുന്നതിനും വേണ്ടി പഞ്ചായത്തിൽ നിന്നും ഫണ്ട് കണ്ടെത്തുന്നതിന് കാലതാമസം നേരിട്ടു. |
| 3 | തൃക്കോവിൽവട്ടം | ആർ.കെ. ഐ - 2020-21 - കോടാലിമുക്ക് ജി.വി. എൽ.പി. എസ് കോഴാലം വെട്ടിക്കുളം റോഡ് (BM&BC) | കരാറുകാരൻറെ സാമ്പത്തിക പ്രതിസന്ധിയും സാധനങ്ങളുടെ ലഭ്യതക്കുറവും |
| 4 | തൃക്കോവിൽവട്ടം | കണിയാംതോട് പ്ലാവിള റോഡ്. | എൻ.എച്ച് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തോടിൻറെ ഒഴുക്ക് തടസ്സം ചെയ്തിരുന്നതിനാൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പോലും ഈ ഏലയിൽ പതിവിൽ കൂടുതൽ വെള്ളം കെട്ടി നിന്നിട്ടുള്ളതും നിർമ്മാണം ആരംഭിക്കാൻ സാധിക്കാഞ്ഞതുമാണ്. |
| 5 | കൊറ്റങ്കര | ആർ.കെ. ഐ - 2022-23 - കൊറ്റങ്കര - കിഴക്കേവിള ക്ഷേത്രം - കണ്ണൻ കോളനി - ട്രാൻസ്ഫോമർ, പൊയ്കയിൽ മുകളുവിള എസ്.സി.ഡി.യു.പി.എസ് മേക്കോൺ റോഡ്. | 8 റോഡുകൾ ഉൾപ്പെടുന്ന ടി പ്രവൃത്തിയിൽ പലഭാഗങ്ങളിലായി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കിയതിനാൽ റോഡിൻറെ അവസ്ഥ വളരെ ശോചനീയമാക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് തന്നെ എസ്റ്റിമേററ് രണ്ടു പ്രാവശ്യം ഭേദഗതി ചെയ്യേണ്ടതായും വന്നു. |

| | | | |
|---|---|---|---|
| 6 | കുണ്ടറ | മുളവന കന്നിമേൽ മുക്ക് എൻ.എസ്.എസ് കരയോഗം പള്ളിമുക്ക് മുളവന സ്കൂൾ ജം. റോഡ് | ആരംഭ ഭാഗത്ത് റോഡ് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് തർക്കം ഉണ്ടായിരുന്നു. ആയത് മൂലം പ്രവൃത്തി തടസ്സപ്പെട്ടു. നിലവിൽ ഇതു പരിഹരിച്ച് പ്രവൃത്തി നടന്നുവരുന്നു. |
| 7 | കുണ്ടറ | എം.ജി.ഡി കുരിശടി രാമൻകുന്ന് നെടുംമ്പായിക്കുളം ഗേറ്റ് റോഡ് | 90 % പ്രവൃത്തി പൂർത്തിയാക്കി പാർട്ട് ബിൽ നൽകിയിട്ടുണ്ട്. വാട്ടർ അതോറിററി പൈപ്പ് ലൈൻ വർക്ക് നടന്നതിനാൽ പ്രവൃത്തി ചെയ്യാൻ വൈകുന്ന അവസ്ഥയുണ്ടായി. ഇപ്പോൾ 95 % പ്രവൃത്തി പൂർത്തിയായ നിലയിലാണ്. ബാലൻസ് പ്രവൃത്തി പുരോഗമിക്കുന്നു. |
| 8 | കുണ്ടറ | നിരപ്പുവിള കുറ്റിപ്പുറം ഏല പാല നിരപ്പ് രാമൻകുന്ന്മുക്ക് റോഡ് പുനരുദ്ധാരണം | പുതുതായി റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഭാഗത്ത് വസ്തു ഉടമകളുടെ തർക്കം കാരണം പ്രവൃത്തി തടസ്സപ്പെട്ടു നിൽക്കുന്നു. തടസ്സമില്ലാത്ത ഭാഗത്ത് ചെയ്ത പ്രവൃത്തിക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. |
| 9 | പെരിനാട് | സ്ററാർച്ച് ജം. ബ്ലാവത്ത് വഞ്ചി കൈത കോടി റോഡ് പുനരുദ്ധാരണം | വാട്ടർ അതോറിററി പൈപ്പ് ലൈൻ പ്രവൃത്തി നടന്നതിനാൽ പ്രവൃത്തി ഭാഗീകമായി നിർത്തി വയ്ക്കേണ്ടിവന്നു. ആയതിനാൽ പ്രവൃത്തി കാലാവധി കഴിഞ്ഞ നിലയിലാണ്. തുടർപ്രവൃത്തികൾ പുരോഗമിക്കുന്നു. |

# annexure - c

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | നെടുമ്പന | ആർ.കെ. ഐ - 2020-21 - പുലിയില കൊച്ചുമണ്ടക്കാട്-പൊയ്ക റോഡ് | കാലാവധി പുതുക്കി നൽകിയിട്ടുണ്ട്. തർക്കം പരിഹരിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി തടസ്സമില്ലാതെ നടന്നു വരുന്നു. |
| 2 | നെടുമ്പന | ആർ.കെ. ഐ - 2020-21 - പുത്തൻചന്ത വാറുത്തുമൂക്ക്-കുളത്തിന്റയും അമ്പാടി ബ്രിക്സ് | എസ്ററിമേററിൻറെ ഭാഗമായുള്ള ട്രാഫിക് സർവ്വെ ചെയ്യുന്നതിനും ഡിസിപി ടെസ്ററ് ചെയ്യുന്നതിനും വേണ്ടി പഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ട്രാഫിക് സർവ്വെ പൂർത്തിയായിട്ടുണ്ട്. ഡിസിപി ടെസ്ററ് ചെയ്യുന്നതിനുള്ള തുക അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. |
| 3 | തൃക്കോവിൽവട്ടം | ആർ.കെ. ഐ - 2020-21 - കോടാലിമുക്ക് ജി.വി. എൽ.പി. എസ് കോഴാലം വെട്ടിക്കുളം റോഡ് (BM&BC) | നിലവിൽ പ്രവൃത്തി തടസ്സമില്ലാതെ നടന്നു വരുന്നു. 2023 ആഗസ്ററ് 19 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| 4 | തൃക്കോവിൽവട്ടം | കണിയാംതോട് പ്ലാവിള റോഡ്. | സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തിയാകാറായിട്ടുണ്ട്. റോഡിലേ വെള്ളക്കെട്ട് കുറയുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 5 | കൊറ്റങ്കര | ആർ.കെ. ഐ - 2022-23 - കൊറ്റങ്കര - കിഴക്കേവിള ക്ഷേത്രം - കണ്ണൻ കോളനി - ട്രാൻസ്ഫോമർ, പൊയ്കയിൽ മുകളുവിള എസ്.സി.ഡി.യു.പി.എസ് മേക്കോൺ റോഡ്. | നിലവിൽ തടസ്സങ്ങളൊന്നുമില്ലാതെ പ്രവൃത്തി പൂർത്തീകരണത്തോട് അടുക്കുകയാണ്. |
| 6 | കുണ്ടറ | മുളവന കന്നിമേൽ മുക്ക് എൻ.എസ്.എസ് കരയോഗം പള്ളിമുക്ക് മുളവന സ്കൂൾ ജം. റോഡ് | പൂർത്തിയാക്കാൻ കഴിയാതെ നീണ്ടുപോകുന്ന പ്രവൃത്തികളിൽ കരാറുകാരന് നിശ്ചിത സമയത്ത് കത്ത് നൽകിയിട്ടുണ്ട്. |
| 7 | കുണ്ടറ | എം.ജി.ഡി കുരിശടി രാമൻകുന്ന് നെടുംമ്പായിക്കുളം ഗേറ്റ് റോഡ് | പൂർത്തിയാക്കാൻ കഴിയാതെ നീണ്ടുപോകുന്ന പ്രവൃത്തികളിൽ കരാറുകാരന് നിശ്ചിത സമയത്ത് കത്ത് നൽകിയിട്ടുണ്ട്. |
| 8 | കുണ്ടറ | നിരപ്പുവിള കുറ്റിപ്പുറം ഏല പാല നിരപ്പ് രാമൻകുന്ന്മുക്ക് റോഡ് പുനരുദ്ധാരണം | പൂർത്തിയാക്കാൻ കഴിയാതെ നീണ്ടുപോകുന്ന പ്രവൃത്തികളിൽ കരാറുകാരന് നിശ്ചിത സമയത്ത് കത്ത് നൽകിയിട്ടുണ്ട്. |
| 9 | പെരിനാട് | സ്ററാർച്ച് ജം. ബ്ലാവത്ത് വഞ്ചി കൈത കോടി റോഡ് പുനരുദ്ധാരണം | പൂർത്തിയാക്കാൻ കഴിയാതെ നീണ്ടുപോകുന്ന പ്രവൃത്തികളിൽ കരാറുകാരന് നിശ്ചിത സമയത്ത് കത്ത് നൽകിയിട്ടുണ്ട്. |